"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-ആലപ്പുഴ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുക,ചായ സ്നാക്സ് എന്നിവ നൽകുന്നതിനായി സ്റ്റാൾ സ്ഥാപിക്കുന്നതിന് 50 ശതമാനം സബ് സിഡിയോടെ കുടുംബശ്രീ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.2108/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/11/2020

പരാമർശം:- 1 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.08.2020-ലെ 7(6)-ാം നമ്പർ തീരുമാനം

2 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2020 ൽ ചേർന്ന യോഗത്തിലെ 4.48 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്-ന്റെ കീഴിൽ 4-ാം വാർഡിൽ പ്രവർത്തിക്കുന്ന അക്ഷയ കുടുംബശ്രീ യൂണിറ്റിന്റെ മരത്തണൽ എന്ന പദ്ധതി സ്വയം തൊഴിൽ(വ്യക്തിഗതം) - പ്രോജക്റ്റ് നം.115/21 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 50% സബ്സിഡി തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ആലപ്പുഴ ജില്ലാ ആസൂത്രണ സമിതിയോടും സംസ്ഥാന കോർഡിനേഷൻ സമിതിയോടും അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമാവുകയുണ്ടായി. അക്ഷയ കുടുംബശ്രീ യൂണിറ്റിന്റെ അഞ്ച് അംഗങ്ങൾ ചേർന്ന് സ്വയംസംരംഭം എന്ന നിലയിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്ന മരത്തണൽ എന്ന പദ്ധതിക്കായി തണ്ണീർമുക്കം ഫിഷ മാർക്കറ്റിൽ പ്രവർത്തിക്കുന്നതിനായി അടിസ്ഥാനസൌകര്യങ്ങൾ തയ്യാറാക്കിയതായും കുടുംബശ്രീ ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുക, ചായ സ്നാക്സ് എന്നിവ വില്പന നടത്തി ഉപജീവനം നടത്തുകയാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്നും, ഇതിനായി സ്റ്റാൾ സ്ഥാപിക്കുന്നതിന് അടക്കം രണ്ട് ലക്ഷം രൂപ ചിലവ് കണക്കാക്കിയതായും പ്രോജക്റ്റ് നം.115/21 സ്വയംതൊഴിൽ(വ്യക്തിഗതം) എന്ന പദ്ധതിയിൽ തനത് ഫണ്ട് 2,00,000/-രൂപ വകയിരുത്തിയിട്ടുള്ള ടി പദ്ധതിയിൽ ഉൾപ്പെടുത്തി 50 ശതമാനം സബ് സിഡി തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ആലപ്പുഴ ജില്ലാ ആസൂത്രണ സമിതി പരാമർശം(2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ ഫിഷ് മാർക്കറ്റിൽ കുടുംബശ്രീ ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുക, ചായ,

സ്നാക്സ് എന്നിവ നൽകുന്നതിനുമായി സ്റ്റാൾ സ്ഥാപിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ കുടുംബശ്രീ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി .കെ. പ്രതാപൻ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ് തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ.(എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ